## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3818 24.6.2014- ലെ മറുപടിക്ക്

### പായ്ക്കറ്റുകളിൽ വിൽക്കുന്ന ഭക്ഷ്യോല്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്.സലീഖ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പായ്ക്കറ്റുകളിൽ വില്ക്കുന്ന വിവിധ ഭക്ഷ്യോല്പന്നങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങൾക്കും അമിത വില രേഖപ്പെടുത്തി വിപണനം നടത്തുന്നത് ധനവകുപ്പ് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് പായ്ക്കറ്റുകളിൽ വില്ക്കുന്ന ഭക്ഷ്യോല്പന്നങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങൾക്കും എം.ആർ.പി. രേഖപ്പെടുത്തുന്നുണ്ടോയെന്നും എം.ആർ.പി.യേക്കാൾ അധിക വിലയ്ക്ക് പായ്ക്കറ്റ് സാധനങ്ങൾ വിൽക്കുന്നുണ്ടോയെന്നും ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കുന്നുണ്ട്. വിൽപ്പന വില ഉൾപ്പെടെ നിയമാനുസൃതം വേണ്ട പ്രഖ്യാപനം രേഖപ്പെടുത്തിയിട്ടില്ലാത്തതും എം.ആർ.പി.യേക്കാൾ കൂടുതൽ വില ഈടാക്കിയതും ഉൾപ്പെടെയുള്ള പാക്കേജ്ഡ് കമ്മോഡിറ്റീസ് നിയമം ലംഘിച്ചതിന് 2013-2014 സാമ്പത്തിക വർഷത്തിൽ 4,350 കേസുകളും 2,54,85,000 രൂപ രാജിഫീസും ഈടാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉല്പന്നങ്ങൾക്ക് പായ്ക്കറ്റിൽ രേഖപ്പെടുത്തിയ വിലയിൽ നിർദ്ദേശിക്കപ്പെട്ട നികുതി ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻ കീഴിൽ വിൽക്കുന്ന വിലയിലാണ് നികുതി ഈടാക്കുന്നത്. ഇതുൾപ്പെടുത്തി വ്യാപാരികൾ വകുപ്പിൽ റിട്ടേൺ ഫയൽ ചെയ്യുകയും നികുതി ഒടുക്കുകയും ചെയ്യുന്നു. പത്ത് ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് മാത്രമേ വിൽപന നികുതി ബാദ്ധ്യതയുള്ളൂ. രജിസ്ട്രേഷനുള്ള വ്യാപാരി എം.ആർ.പി.ക്ക് സാധനം വിറ്റാൽ അതിനുള്ള നികുതി ഒടുക്കാറുണ്ട്. വിൽപന വില തെറ്റായി കാണിക്കുന്നുണ്ടെങ്കിൽ അവർ അസസ്സ്മെന്റിലൂടെ പിഴയ്ക്ക് വിധേയരാകേണ്ടിവരും. ഈ പ്രക്രിയ വകുപ്പിന്റെ സാധാരണ പ്രവർത്തനത്തിന്റെ ഭാഗമാണ്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ നികുതിവെട്ടിപ്പ് നടത്തിയ എത്ര കേസുകൾ കണ്ടെത്തി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര തുക ഈ ഇനത്തിൽ പിഴ ഈടാക്കി; എത്ര കേസുകൾ വെറുതെ വിട്ടു. ഇതുവഴി എത്രതുക നഷ്ടമായി ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | കവറിലാക്കിയ ഉല്പന്നങ്ങളുടെ നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (ഡി) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻ കീഴിൽ വിൽക്കുന്ന വിലയിലാണ് നികുതി ഈടാക്കുന്നത്. ഇതുൾപ്പെടുത്തി വ്യാപാരികൾ വകുപ്പിൽ റിട്ടേൺ ഫയൽ ചെയ്യുകയും നികുതി ഒടുക്കുകയും ചെയ്യുന്നു. പത്ത് ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് മാത്രമേ വിൽപന നികുതി ബാദ്ധ്യതയുള്ളു. രജിസ്ട്രേഷനുള്ള വ്യാപാരി എം.ആർ.പി.ക്ക് സാധനം വിറ്റാൽ അതിനുള്ള നികുതി ഒടുക്കാറുണ്ട്. വിൽപന വില തെറ്റായി കാണിക്കുന്നുണ്ടെങ്കിൽ അവർ അസസ്സ്മെന്റിലൂടെ പിഴയ്ക്ക് വിധേയരാകേണ്ടിവരും. ഈ പ്രക്രിയ വകുപ്പിന്റെ സാധാരണ പ്രവർത്തനത്തിന്റെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ